# ജിഹാദ്

“നാം ഇനി ഇതിലും വലിയ ഒരു സമരത്തിനാണ് പോകുന്നത്.” ബദ്ർ യുദ്ധം കഴിഞ്ഞ് തിരിച്ചുവരവേ പ്രവാചകൻ മുഹമ്മദ്(സ) കൂടെയുണ്ടായിരുന്ന തൻെറ അനുയായികളോട് പറഞ്ഞു.

“ഇതിലും വലിയ സമരമോ?” അവർ ആശ്ചര്യപ്പെട്ടു. മക്കയിലെ ധിക്കാരികൾ വരുത്തിവെച്ച ഒരു യുദ്ധം കഴിഞ്ഞു തിരിച്ചുവരുന്നതേയുള്ളൂ. എല്ലാവരും നന്നെ അവശരാണ്. ഒന്ന് വിശ്രമിക്കാതെ ഇനിയും ഒരു സമരത്തിന് പോവുകയോ? അവർ മുഖത്തോടു മുഖം നോക്കി.

“അതെ. ഇതിലും വലിയ ഒരു യുദ്ധമാണ് ഇനി നാം നേരിടാൻ പോകുന്നത്. പക്ഷേ, നമ്മുടെ മനസ്സുകളോടാണ് ആ യുദ്ധം. സ്വന്തം ദേഹേഛകളോട്. നന്മയിൽ നിന്നും നമ്മെ തടയുന്ന സ്വന്തം ദേഹേഛകളോട്. അതാണ് വലിയ സമരം.” പ്രവാചകൻ മുഹമ്മദ്(സ) കൂട്ടിച്ചേർത്തു.

## ജിഹാദിൻെറ ഭാഷാർഥം:

എന്താണ് ജിഹാദ്?

ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു പദമാണ് ഖുർആനിലെ ജിഹാദ്. അതിനാൽ തന്നെ ഖുർആൻെറ ജീവിതവ്യവസ്ഥയും ഏകദൈവവിശ്വാസികളും ഏറെ ആക്ഷേപങ്ങൾക്ക് വിധേയമാവുകയുമുണ്ടായി. ജിഹാദ് എന്തെന്നറിയാതെ മുൻധാരണയോടെ അതിനെ വ്യാഖ്യാനിക്കുകയും വിധി പ്രഖ്യാപിക്കുകയും ചെയ്തതിൻെറ ഫലമാണത് ഇനിയും തിരുത്താത്ത ഈ അബദ്ധം.

ജിഹാദ് അറബിപദമാണ്. അദ്ധ്വാനപരിശ്രമം, ക്ലേശം, കഠിനയത്നം എന്നൊക്കെയാണ് അതിൻെറ അർഥം.

എല്ലാ പരിശ്രമങ്ങൾക്കും അതിൻെറതായ ലക്ഷ്യമുണ്ടല്ലോ. ആ ലക്ഷ്യത്തിലെത്താൻ മുന്നേറ്റവും പരിശ്രമവും ക്ലേശവുമൊക്കെ ആവശ്യമാണ്. അതുതന്നെയാണ് ജിഹാദിൻെറ ഉദ്ദേശ്യാർഥം. കേവലം യുദ്ധത്തിനോ സായുധ സംഘട്ടനത്തിനോ മാത്രം പറയുന്ന സാങ്കേതിക നാമമല്ല ജിഹാദ്.

## തെറ്റിദ്ധാരണക്ക് കാരണം.

ഏറെ തെറ്റിദ്ധരിക്കപ്പെട്ട വിഷയമാണ് ജിഹാദ് എന്ന് സൂചിപ്പിച്ചു. പ്രധാനമായും രണ്ട് കാരണങ്ങളാണ് അതിനുള്ളത്.

1. ബാഹ്യശക്തികൾ.

ക്രൈസ്തവ യൂറോപ്പും ജൂതരുമുൾപ്പെടെയുള്ള ഖുർആനിക ജീവിതവ്യവസ്ഥയുടെ വിമർശകരും ഓറിയൻറൽ പണ്ഡിതരുമാണ് ഈ ഗണത്തിലെ പ്രധാനികൾ. ഇസ്‌ലാം പ്രചരിച്ചത് വാൾ കൊണ്ടാണെന്ന പ്രചാരണവും അവരുടെതാണ്. ടിമൂർ, ചെങ്കിസ്ഖാൻ തുടങ്ങിയ ഭരണാധികാരികളുടെ പടയോട്ടവും ചില മുസ്‌ലിംനാമധാരികളായ രാജക്കന്മാരുടെ ആക്രമണവുമാണ് അവർക്കതിനുള്ള അവലംബം. എന്നാൽ അവരുടെ പടയോട്ടത്തിൽനിന്ന് പലപ്പോഴും മുസ്‌ലിംകളും മസ്ജിദുകളും ഒഴിവായിരുന്നില്ല എന്നതാണ് വാസ്തവം.

2. ആഭ്യന്തരം.

പാമരരായ മുസ്‌ലിം സാധാരണക്കാരാണ് മിക്കവാറും ഗണത്തിലുള്ളത്. ഓറിയൻറൽ പണ്ഡിതരുടെ പ്രചാരണ ഫലമായി ജിഹാദിനെ കേവലം സായുധപ്രതിരോധമായും കടന്നാക്രമണമായും തെറ്റിധരിച്ചവരാണിവർ.

ഖുർആൻ പഠിപ്പിക്കുന്ന ജിഹാദിനെ സംബന്ധിച്ച് ഇരുവിഭാഗവും അജ്ഞരാണ് എന്നതാണ് അടിസ്ഥാന കാരണം.

## ചരിത്രപരത

മനുഷ്യോൽപത്തി മുതൽതന്നെ ജിഹാദും നിലവിലുണ്ട്.

ആദിമനുഷ്യനെ ദൈവം എന്നു മുതൽ സ്വർഗത്തിലും തുടർന്ന് ഭൂമിയിലും താമസിപ്പിച്ചുവോ അന്നു മുതൽ പിശാച് അവനെതിരെ ശത്രുവായി രംഗത്തുണ്ട്.

പിശാച് മനുഷ്യൻെറ ജന്മശത്രു.

മനുഷ്യൻ വിനീതനും വിവേകിയും പ്രത്യുല്പന്നമതിയുമാണ്. പിശാചോ, ധിക്കാരിയും അവിവേകിയും അഹങ്കാരിയും. ഈ രണ്ടു വികാരങ്ങൾ തമ്മിലാണ് ഭൂമിയിൽ ആദ്യമായി ശത്രുതയും സംഘട്ടനവും തുടങ്ങിയത്. അത് ഇന്നും നിലനില്ക്കുന്നു.

പിശാചുമായുള്ള ഈ സംഘട്ടനത്തിന് മനുഷ്യന് അവൻെറ ഭൗതികായുധങ്ങൾ അപര്യാപ്തമാണ്. ശക്തമായ ഏകദൈവവിശ്വാസവും പ്രവാചകന്മാരിലൂടെ പകർന്നു കിട്ടിയ ആത്മീയജ്ഞാനവും ബുദ്ധിയും വിവേകവുമാണ് അവനെ സഹായിക്കുന്ന ശക്തമായ ആയുധങ്ങൾ. കാരണം, വിശ്വാസം നശിക്കുമ്പോഴാണ് പിശാചിന് മനുഷ്യനു മേൽ വിജയം ലഭിക്കുന്നതും അവൻ ഭൂമിയിൽ കുഴപ്പം ഉണ്ടാക്കുന്നതുമൊക്കെ.

## ജിഹാദും മനുഷ്യനിയോഗവും

ഏകദൈവത്തെ മാത്രം അംഗീകരിച്ച്, അവൻെറ നിർദ്ദേശങ്ങൾ പാലിച്ച്, അവന് മാത്രം ആരാധനകളർപ്പിച്ചു ജീവിക്കുകയാണ് മനുഷ്യൻെറ കർത്തവ്യം. അതാണ് അവൻെറ വിജയത്തിനുള്ള ഉപാധി. ലോകത്ത് ശാന്തി നിലനില്ക്കുന്നതും അതുമുഖേനയാകുന്നു.

അതിന്, പിശാചിൻെറ കെടുതിയിൽനിന്ന് സ്വമനസ്സിനെ ശുദ്ധീകരിക്കണം. സത്യമാർഗത്തിൽ അതിനെ പിടിച്ചുനിറുത്തണം. അതാണ് മനുഷ്യൻ ചെയ്യേണ്ടത്. സ്വന്തത്തെ നന്മയിൽനിന്നു പിന്തിരിപ്പിക്കുന്ന ദേഹേഛക്കെതിരെ പോരാടാൻ ഏറെ മനോബലവും ആത്മനിയന്ത്രണവും ശക്തിയും ആവശ്യമാണ്. ആ പോരാട്ടമാണ് ഒന്നാമത്തെ ജിഹാദ്. ഈ സമരത്തെക്കുറിച്ചാണ് ബദ്ർ യുദ്ധം കഴിഞ്ഞുവരുന്നതിനിടയിൽ പ്രവാചകൻ മുഹമ്മദ്(സ) തൻെറ അനുയായികളോട് സൂചിപ്പിച്ചത്.

മനസ്സ് നന്നാകുമ്പോഴാണ് മനുഷ്യൻ നന്നാകുന്നത്. പണമോ പദവിയോ അതിന് മാനദണ്ഡമല്ല. ദുഷ്കൃതങ്ങളിൽനിന്നും സ്വഭാവദൂഷ്യങ്ങളിൽനിന്നും മനസ്സിനെ സംസ്കരിച്ചെടുത്ത് ഉത്തമനായി ജീവിക്കാൻ പര്യാപ്തമാകുമാറ് ഉത്തമസാഹചര്യം ഉണ്ടാക്കിയെടുക്കുകയാണ് ഒരാൾ ആദ്യം ചെയ്യേണ്ടത്. ഈ പരിശ്രമമാണ് അടിസ്ഥാനപരമായി ഒരാൾക്ക് ചെയ്യാനുള്ള പ്രഥമവും പ്രധാനവുമായ ശ്രമം (ജിഹാദ്).

## ജിഹാദ് രണ്ട് തരം

ഖുർആൻ വിഭാവന ചെയ്യുന്ന ജിഹാദ് ഏറെ വിശാലമാണ്. ഗഹനവുമാണ്. അത് ഒട്ടേറെ നിയമങ്ങൾക്കും വകുപ്പുകൾക്കും വിധേയമാണ്. അവ പ്രധാനമായും മൂന്നെണ്ണമാണ്.

ഒന്ന്, മേൽ സൂചിപ്പിച്ചതുപോലെ നന്മയിൽനിന്ന് തന്നെ പ്രതിരോധിക്കുകയും ദുഷ്കൃത്യങ്ങൾ അലങ്കാരമായി വർണിച്ചുതന്ന് അതിന് നിർബന്ധിക്കുകയും ചെയ്യുന്ന പിശാചിനോടും ബാഹ്യസമ്മർദ്ദങ്ങളോടുമുള്ള ജിഹാദ്.

രണ്ട്, സൽകൃത്യങ്ങളിൽനിന്ന് തന്നെ തടയുകയും ദുഷ്കൃത്യങ്ങളെക്കുറിച്ച് പ്രലോഭിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ദേഹേഛയോടുള്ള ജിഹാദ്.

ഇവയല്ലാത്ത മറ്റേത് ശ്രമങ്ങളും സാന്ദർഭികമായിരിക്കും. ഏതെങ്കിലും സന്ദർഭവുമായി ബന്ധിതവുമായിരിക്കും അവ. എന്നാൽ മുകളിൽ സൂചിപ്പിച്ച രണ്ട് ജിഹാദും ആയുഷ്ക്കാലം മുഴുവൻ നീണ്ടുനിൽക്കുന്നവയാണ്. കാരണം, മനുഷ്യൻെറ ജീവിത വിജയവുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങളാണവ. അതിനു വേണ്ടി മുഴുസമയവും വിഭവങ്ങളും കഴിവുകളും പ്രയത്നമഖിലവും വിനിയോഗിക്കാൻ അവൻ ബാധ്യസ്ഥനാണ്. അത് സ്വന്തത്തിൽനിന്നാരംഭിച്ച് കുടുംബസംസ്കരണത്തിലൂടെ നീങ്ങുന്ന വിശാലമായ മേഖലയാണ്. ഇതിലുപരി പുണ്യകരവും മഹത്തുമായ ജിഹാദ് ഖുർആൻ വേറെ പഠിപ്പിക്കുന്നില്ല.

## മേഖലകൾ

ജിഹാദിൻെറ മേഖലകൾ നിർണയിക്കാനാകില്ല. ഏകദൈവ വിശ്വാസിയുടെ ജീവിതം മുഴുവൻ ജിഹാദാണ്. വിശ്വാസവും ജീവിതവും സമന്വയിപ്പിച്ച് ഏകദൈവ ത്തിൻെറ പ്രീതിക്കു വേണ്ടി സമർപ്പിക്കുകയാണ് അവൻെറ ബാധ്യത. അപ്പോൾ മാത്രമാണ് ജീവിതം മുഴുവൻ ജിഹാദാകുന്നത്. പ്രവാചകൻ മുഹമ്മദ്(സ)യുടെ ചില വചനങ്ങളിൽനിന്ന് അക്കാര്യം വ്യക്തമാകും. അദ്ദേഹം പറഞ്ഞു: സ്വന്തത്തോട് ജിഹാ ദ് ചെയ്യുന്നവനാണ് വലിയ മുജാഹിദ്.”

ലോകത്തെ ശാന്തിയിലും മാനുഷ്യകത്തെ സാഹോദര്യത്തിലും ചേർത്തുനിർത്തു ന്നത് ഏകസംസ്കാരമാണ്. പ്രസ്തുത സംസ്കാരത്തിൻെറ ഉറവിടമാണ് ഏകദൈവ വിശ്വാസം. വിശ്വാസസംരക്ഷണവും ആചരണവുമാണ് സർവതിനെക്കാളും ഇന്ന് പ്രധാനം. അതിനു വേണ്ടി സ്വമനസ്സിൻെറ ദുശ്ചിന്തകളോടും ദുഷിച്ച സാഹചര്യ ങ്ങളോടും എതിരിടേണ്ടി വന്നേക്കാം. വിശേഷിച്ച് ദേഹേഛയോട്. ഈ ശ്രമമാണ് ആത്യന്തികമായി ജിഹാദിൻെറ വരുതിയിൽ പ്രഥമമായി വരുന്നത്.

ഏകദൈവ വിശ്വാസിയുടെ അസ്തിത്വം അന്വർഥമാക്കുന്നത് അവനിലുള്ള ഏകദൈവ വിശ്വാസവും അതിൻെറ തേട്ടത്തിനനുസരിച്ച ജീവിതവുമാണ്. ഏതവ സ്ഥയിലും അവൻെറ വിശ്വാസം നശിക്കാവതല്ല. സത്യത്തിനും മൂല്യങ്ങൾക്കും വിരുദ്ധമായ ആചാരങ്ങൾ, വ്യവസ്ഥകൾ, ശക്തികൾ, നിയമങ്ങൾ എന്നിവക്ക് മുമ്പി ലൊന്നും അവൻെറ വിശ്വാസവും സംസ്കാരവും നശിക്കാവതല്ല. തിന്മക്ക് മുൻതൂ ക്കമുള്ള സാഹചര്യങ്ങളിൽ വിശ്വാസവും ജീവിതമൂല്യസമന്വയവും ഏറെ പ്രയാസ കരമാണ്. അവയോട് അവൻ ഏറ്റുമുട്ടിയേ പറ്റൂ. കാരണം, സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയല്ല ഖുർആൻെറ ജീവിത വ്യവസ്ഥ ആഗ്രഹിക്കുന്നത്. അതിൻെറ നിയ മങ്ങളും തത്വങ്ങളും പ്രയോഗത്തിൽ വരുത്താൻ പ്രാപ്തമായ സാഹചര്യമാണത് ആവശ്യപ്പെടുന്നത്. പ്രവാചകൻെറ ഹിജ്റയിൽനിന്നത് നമുക്ക് വ്യക്തമായി മന സ്സിലാക്കാം.

## മനുഷ്യാവകാശവും ജിഹാദും

മനുഷ്യരുണ്ടാക്കുന്ന ഏതു നിയമനിർമാണത്തിനും പ്രധാന ഘടകം മനുഷ്യാ വകാശ സംരക്ഷണമായിരിക്കും. ജീവിക്കാനുള്ള അവകാശമാണ് പ്രധാനം. സമ്പാദി ക്കാനുള്ള അവകാശം, വിദ്യനേടാനുള്ള അവകാശം, യാത്ര ചെയ്യുന്നതിനുള്ള അവ കാശം, അഭിപ്രായത്തിനുള്ള അവകാശം, തൊഴിലിനുള്ള അവകാശം തുടങ്ങി സാമൂ ഹിക ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ അവകാശങ്ങളായിരിക്കും അവയുടെ ഉന്നം. അവയൊക്കെ ഒരാൾക്ക് സമൂഹം വകവെച്ചുകൊടുക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവൻ, താൻ ജീവിക്കുന്ന സമൂഹത്തിലെ പൗരനാകുന്നുള്ളൂ.

അർഹവും മാന്യവുമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന പക്ഷം അത് നേടിയെടുക്കാനുള്ള അധ്വാന-പരിശ്രമങ്ങളിൽ ഏർപ്പെടാൻ അവന് സ്വാതന്ത്ര്യമുണ്ട്. അത് സന്ധി-സംഭാഷണങ്ങളാകട്ടെ, നിയമനടപടിയാകട്ടെ. അതൊക്കെ ജിഹാ ദിൻെറ പരിധിയിൽ പെട്ടതാണ്. സ്വന്തം സ്വത്ത് സംരക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ ആരെങ്കിലും മരണപ്പെട്ടാൽ അവൻ ദൈവമാർഗത്തിലെ രക്തസാക്ഷിയാണ്.

അന്യായമായ അവകാശ നിഷേധം നീതീകരിക്കപ്പെടാവതല്ല. എന്നാൽ അവകാ ശ സ്ഥാപനത്തിനായി കൈക്കൊള്ളുന്ന രീതി ഏകപക്ഷീയ അക്രമത്തിൻെറ ഘട്ട ത്തിലേക്ക് എത്തുന്നതോടെ ജിഹാദിൻെറ വിശുദ്ധിയിൽനിന്ന് അത് പുറത്തു കട ക്കുന്നു. അതുകൊണ്ടാണ് തീവ്രവാദത്തെയും അതു സംബന്ധമായ കർമങ്ങളെയും ഖുർആൻ എതിർക്കുന്നത്.

## വ്യവസ്ഥിതി

മനുഷ്യർ എത്ര തന്നെ ഉന്നതമായി ഭരിച്ചാലും പരിഹരിക്കാനാകാത്ത പ്രശ്ന ങ്ങൾ നമുക്ക് മുൻപിലുണ്ട്. അവകാശനിഷേധത്തിൻെറ, കെടുകാര്യസ്ഥതയുടെ, കൈകൂലിയുടെ, സ്വജനപക്ഷപാതിത്തത്തിൻെറ, കരിഞ്ചന്തയുടെ, പൂഴ്ത്തിവെപ്പിൻെറ, സ്ത്രീപീഡനങ്ങളുടെ, അഴിമതിയുടെ, കൊലപാതകത്തിൻെറ...... ഭരണകൂട-രാഷ്ട്രീയ

പ്രതിസന്ധികളാണിവയൊക്കെ. വ്യവസ്ഥിതിയും ഭരണരീതിയും മാറാതെ നാം അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാവതല്ല.

ഭൗതികനിർമിതമായ ഏത് വ്യവസ്ഥിതി നിലവിൽ വന്നാലും അവക്ക് അതിൻെറതായ പോരായ്മകളും തകരാറുകളും ഉണ്ടെന്നത് യാഥാർഥ്യമാണ്. ഏകദൈവത്തിൻെറ നിർദ്ദേശങ്ങളിലധിഷ്ഠിതമായ വ്യവസ്ഥിതി തന്നെയാണ് അതിനു പരിഹാരം. പക്ഷേ, അതിനുള്ള വഴി ഒരിക്കലും ഭീകരതയുടേതോ സംഘർഷങ്ങളുടെതോ അല്ല. മറിച്ച്, സമാധാനത്തിൻെറ വഴിയാണതിന് തിരഞ്ഞെടുക്കേണ്ടത്.

ചുരുക്കത്തിൽ സംസ്കൃതനായി ജീവിക്കുന്നതിന് ദേഹേഛകളോട് പൊരുതുന്നതും, സന്താനങ്ങളെയും മാതാപിതാക്കളെയും പോറ്റുന്നതിള്ള അദ്ധ്വാനവും, സ്വന്തം ധനവും അഭിമാനവും സംരക്ഷിക്കുന്നതിനുള്ള അദ്ധ്വാനവും, വിശ്വാസത്തിൻെറയും സംസ്കാരത്തിൻെറയും സംരക്ഷണ ത്യാഗങ്ങളും, ദുഷിച്ച വ്യവസ്ഥിതിയുടെ മാറ്റവും അവസാന കൈയെന്ന നിലക്ക് സമാധാനത്തിനു വേണ്ടി ശത്രുവിനെ പ്രതിരോധിക്കുന്നതുമൊക്കെ ജിഹാദാണ്.

## ജിഹാദ്, സ്ഥാനാസ്ഥാനങ്ങൾ

ആധുനിക കാലഘട്ടത്തിൽ ഖുർആൻെറ വിമർശകർ പ്രചരിപ്പിക്കുന്നതു പോലെ ആയുധമെടുത്ത് പ്രയോഗിക്കാൻ ഖുർആൻ മൗനമായിട്ടുപോലും അനുവദിക്കുന്നില്ല. ഖുർആൻ മുന്നോട്ട് വെക്കുന്ന ജീവിതവ്യവസ്ഥ ഏകദൈവം തൻെറ സൃഷ്ടികൾക്കു വേണ്ടി തിരഞ്ഞെടുത്ത ജീവിതദർശനമാണ്. അത് സകല മനുഷ്യർക്കും അവകാശപ്പെട്ടതുമാണ്. പിന്നെ എവിടെയാണ് മനുഷ്യർ തമ്മിലുള്ള ആയുധപ്രയോഗത്തിന് പ്രസക്തി?

ജിഹാദിനെ യുദ്ധം, ഭീകര പ്രവർത്തനം, രാജ്യവിരുദ്ധ പ്രവർത്തനം എന്നൊക്കെ മുദ്രകുത്തുന്നതും അതുവഴി ഖുർആനിക ജീവിതവ്യവസ്ഥയെ ആക്ഷേപിക്കുന്നതും ശരിയല്ല. ഖുർആനിന് ജിഹാദിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. അതിൻെറ വ്യക്തമായ ചിത്രം പ്രവാചകന്മാരുടെ ജീവിതം പഠനവിധേയമാക്കിയാൽ നമുക്ക് കാണാൻ സാധിക്കും. എല്ലാ പ്രവാചകന്മാരും ജിഹാദ് ചെയ്യുന്നവരായിരുന്നു. പക്ഷേ, അതിൻെറ രൂപം ആദർശാധിഷ്ഠിതമായ സഹനമായിരുന്നു. അവരിൽ പലരും ആയുധമെടുത്ത് യുദ്ധം ചെയ്യാത്തവരായിരുന്നു. എന്നാൽ അവരൊക്കെ ജിഹാദിലേർപ്പെട്ടവർ തന്നെയായിരുന്നു.

ജനത്തെ സംസ്കരിക്കുന്നതിനും ദുഷിച്ച ജീവിതരീതി സംസ്കരിക്കുന്നതിനും പ്രവാചകൻ നൂഹ് നടത്തിയത് 950 വർഷക്കാലം നീണ്ടുനിന്ന നിരായുധ ജിഹാദാണ്. ശക്തമായ ജാതിപ്പോരും മേലാളത്തവും നിലനിന്ന സാമൂഹികാന്തരീക്ഷത്തിൽ ഒരു തുള്ളി രക്തം പോലും ചിന്താതെ അദ്ദേഹം സമരം ചെയ്തത് തനിച്ചായിരുന്നു.

പ്രവാചകൻ ഇബ്റാഹീം(അബ്രഹാം) പൗരോഹിത്യത്തിനും രാജാധിപത്യത്തിനുമെതിരെ പോരാടിയത് തനിച്ചായിരുന്നു.

അധികാരം കൊണ്ട് ജനത്തെ വരിഞ്ഞുമുറുക്കി സ്വയം ദൈവം ചമഞ്ഞ ഫറവോനോട് പ്രവാചകൻ മൂസാ(മോസസ്) പൊരുതിയത് ആയുധത്തിൻെറ ബലത്തിലല്ല, വിശ്വാസത്തിൻെറ കരുത്തിലായിരുന്നു.

പൗരോഹിത്യത്തിനെതിരെ പ്രവാചകൻ ഈസാ(യേശു) പൊരുതിയതും ആയുധം കൊണ്ടല്ല, വിശ്വാസം കൊണ്ടുതന്നെയാണ്.

പ്രവാചകൻ മുഹമ്മദ്(സ)ൻെറ ജീവിതത്തിൽ നിരായുധവും സായുധവുമായ പോരാട്ടങ്ങളുടെ ചിത്രങ്ങൾ കാണാം. മക്കയിലെ ആദ്യനാളുകളിൽ ദുഷിച്ച സാമൂഹിക വ്യവസ്ഥക്കെതിരെ അദ്ദേഹം പൊരുതിയത് നിരായുധനായിക്കൊണ്ടാണ്. ആദ്യത്തെ നീണ്ട 13 വർഷം അങ്ങനെയാണ് അദ്ദേഹം തൻെറ കൃത്യം നിർവഹിച്ചത്. മദീനയിൽ വന്നതിനു ശേഷം മക്കയിലെ ഖുറൈശികളുടെ ഭീഷണിയും ഭീകരപ്രവർത്തനവും ഏറെ പ്രയാസമുണ്ടാക്കിയ ഘട്ടത്തിൽ മാത്രമാണ് ആയുധം എടുക്കാൻ അദ്ദേഹം തൻെറ അനുയായികൾക്ക് അനുവാദം നല്കിയത്. അതാകട്ടെ, അവകാശ സംരക്ഷണം, ഭീകരധ്വംസനം, മർദിത വിമോചനം, വിശ്വാസത്തിൻെറയും

സംസ്കാരത്തിൻെറയും സുരക്ഷ എന്നിവക്ക് വേണ്ടി മാത്രമായിരുന്നു. മദീന തീർത്തും തൻെറ കീഴിൽ വന്നു കഴിഞ്ഞിട്ടും ഒരിക്കൽ പോലും ശത്രുവിനെ പ്രകോപിപ്പിക്കുന്ന രീതി അദ്ദേഹം കൈക്കൊണ്ടില്ല. എന്തിനേറെ വഴിവിട്ട ആധിപത്യദൂര പോലും അദ്ദേഹത്തിൽനിന്നുണ്ടായില്ല.

## ജിഹാദും ഖുർആനും

ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ ജിഹാദിനുള്ള ആഹ്വാനങ്ങൾ കാണാം. അവയുടെ പശ്ചാത്തലവും സന്ദർഭവും കാരണങ്ങളും വിലയിരുത്തുമ്പോൾ മാത്രമേ ജിഹാദ് എന്താണ്, എന്തിന് ആഹ്വാനം നല്കി, ഓരോ പശ്ചാത്തലത്തിലും ജിഹാദ് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാവുകയുള്ളൂ. സന്ദർഭങ്ങളിൽനിന്നവയെ അടർത്തിയെടുത്ത് വ്യാഖ്യാനിക്കുന്നത് ആരോഗ്യകരമായ സമീപനമല്ല, വിലയിരുത്തലും.

ഖുർആൻ മുന്നോട്ട് വെക്കുന്ന ജിഹാദിന് ഒട്ടേറെ ഘട്ടങ്ങളുണ്ട്. അതൊരിക്കലും നേർക്കു നേരെ ആരെയും സായുധസംഘട്ടത്തിലേർപ്പെടാൻ അനുവദിക്കുന്നില്ല.

മിക്കപ്പോഴും ജിഹാദ് നിരായുധമായി സ്വന്തത്തോടു ചെയ്യുന്ന സംസ്കരണ പ്രവർത്തനമാണ്. സംസ്കൃതനാകാനുള്ള ശ്രമം, സാമ്പത്തിക രംഗത്തെ അച്ചടക്കം, ആരാധനാരംഗത്തെ കൃത്യനിഷ്ഠ, അവകാശങ്ങൾ വകവെച്ചുകൊടുക്കൽ, സൽകർമങ്ങളിൽ നിരതനാകൽ തുടങ്ങി ഒട്ടേറെ കാര്യങ്ങൾക്ക് ജിഹാദ് എന്ന പദം സാങ്കേതികമായി ഉപയോഗിച്ചത് കാണാം. ഇക്കാര്യം നേരത്തെ സൂചിപ്പിക്കുകയുണ്ടായി.

1. ഖുർആനിലെ ഒരു വചനം ഇപ്രകാരമാണ്: (അദ്ധ്യായം: 29: 6)

*"ആർ ജിഹാദ് ചെയ്യുന്നുവോ അതവൻെറ തന്നെ ഗുണത്തിനു വേണ്ടിയാണ്."*

പ്രവാചകൻ മുഹമ്മദ്നബി(സ)യുടെ മക്കാജീവിത കാലഘട്ടത്തിലാണ് ഈ അദ്ധ്യായം അവതരിച്ചത്. അദ്ദേഹം അവിടെ ജീവിച്ച പതിമൂന്ന് കൊല്ലക്കാലവും സായുധ സംഘട്ടനത്തിലേർപ്പെടുന്നത് ഏകദൈവം പൂർണമായും വിലക്കിയിരുന്നു. അന്ന് അവിടെയുണ്ടായിരുന്ന പരിമിതരും പാവങ്ങളുമായിരുന്ന മുസ്ലിംകളെ സംബന്ധിച്ചിടത്തോളം സായുധ സംഘട്ടനത്തെപ്പറ്റി ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. ശത്രുക്കളുടെ എല്ലാ എതിർപ്പുകളെയും ക്ഷമയോടെ നേരിടാൻ അവരോട് ആഹ്വാനം ചെയ്ത ഘട്ടം കൂടിയാണത്. അന്ന് അവരോട് പറഞ്ഞു: "ആർ ജിഹാദ് ചെയ്യുന്നുവോ അതവൻെറ തന്നെ ഗുണത്തിനു വേണ്ടിയാണ്." സായുധ സംഘട്ടനത്തിന് പറയുന്ന പേരല്ല ജിഹാദ് എന്ന് ഈ വചനത്തിൻെറ വെളിച്ചത്തിൽ, അതിൻെറ സന്ദർഭം മുമ്പിൽ വെച്ച് പ്രത്യേകിച്ച് തിരിച്ചറിയാനാകും. അതുകൊണ്ട് ഉദ്ദേശിച്ചത്, നേരത്തെ സൂചിപ്പിച്ചതു പോലെ ആത്മസംസ്കരണത്തിലൂടെ തന്നെ ഏകദൈവമാർഗത്തിൽ ഉറപ്പിച്ചു നിർത്താനുള്ള ശ്രമങ്ങളെയാണ്.

2. ഇതേ അദ്ധ്യായത്തിൽ ജിഹാദിന് വേണ്ടിയുള്ള ആഹ്വാനം ആവർത്തിക്കുന്നതു കാണം. (വചനം: 69).

*"നമുക്ക് വേണ്ടി ആർ ജിഹാദ് ചെയ്യുന്നുവോ അവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചു കൊടുക്കും."*

ഇവിടെയും ജിഹാദ് കൊണ്ടർഥമാക്കുന്നത് സായുധസംഘട്ടനമല്ല. ഏകദൈവത്തിൻെറ പൊരുത്തത്തിലേക്കും അവൻെറ അനുഗ്രഹത്തിലേക്കും എത്താനുള്ള കർമങ്ങളനുസരിച്ച് ജീവിക്കുന്നതിനെ സംബന്ധിച്ചാണ്.

3. മറ്റൊരു വചനം: (അദ്ധ്യായം25: 52)

*"നിഷേധികളെ നീ അനുസരിച്ചു പോകരുത്. ഈ ഖുർആൻ കൊണ്ട് നീ അവരോട് വലിയ ജിഹാദ് ചെയ്യുക."*

മക്കയിലാണ് ഈ അദ്ധ്യായവും അവതരിച്ചത്. അന്ന് മക്കയിലെ വിരോധികൾ വല്ലാതെ എതിർപ്പുകൾ അഴിച്ചുവിട്ടിരുന്നു. മുസ്ലിംകൾക്കാകട്ടെ സായുധപ്രതിരോധത്തിന് അനുവാദം നല്കിയിരുന്നുമില്ല. അത്തരം ഒരു ഘട്ടത്തിലാണ് ഈ വചനം അവതരിച്ചത്. എന്നിട്ടും ഖുർആൻ ജിഹാദ് എന്നു തന്നെ പ്രയോഗിച്ചു.

ഖുർആൻെറ ആദർശതലത്തിൽനിന്നു കൊണ്ട് അതിൻെറ ആശയസമർപ്പണവും പ്രചാരണവുമാണതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആ രംഗത്ത് ഓരോ വിശ്വാസിയും തന്നാൽ കഴിയുന്ന രീതിയിലൊക്കെ തൻെറ ആദർശത്തിനു വേണ്ടി ആത്മാർപ്പണം ചെയ്യേണ്ടതുണ്ടായിരുന്നു.

4. മറ്റൊരു വചനം: (അദ്ധ്യായം 2: 35)

*"ഓ, സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. അവങ്കലേക്കുള്ള സാമീപ്യമാർഗം കണ്ടെത്തുവിൻ. അവൻെറ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ നടത്തുവിൻ. നിങ്ങൾ വിജയികളായേക്കാം."*

ഏകദൈവത്തിൻെറ സാമീപ്യം നേടാൻ ആവശ്യമായ ധാർമിക ജീവിതം നയിക്കുകയും അതിൻെറ സദ്ഫലങ്ങൾ ജീവിതത്തിൽ നിലനിറുത്താൻ ദേഹേഛയോടും പൈശാചികശക്തിയോടും പൊരുതുന്നതോടൊപ്പം അത്തരം വിശ്വാസമനുസരിച്ച് ജീവിക്കാനാവശ്യമായ സാമൂഹിക ചുറ്റുപാട് ഉണ്ടാക്കിയെടുക്കുന്നതിന് ആവശ്യമായതൊക്കെ ചെയ്യുക. ഇതത്രെ ഈ സൂക്തത്തിൻെറ പൊരുൾ. കേവലം യുദ്ധമോ മറ്റു തരത്തിലുള്ള സായുധ സംഘട്ടനമോ ഇവിടെ ഉദ്ദേശ്യമല്ല.

## സായുധ ജിഹാദ്

സായുധ ജിഹാദിനെ പരാമർശിക്കുന്നിടത്ത് "ഖിതാൽ" എന്ന നാമം സ്വാഭാവികമായും ഉപയോഗിക്കേണ്ടിവരും. കാരണം, ജിഹാദ് കേവലം സായുധസംഘട്ടനമല്ല എന്ന് സൂചിപ്പിക്കുകയുണ്ടായി. സായുധസംഘട്ടനത്തിൻെറ പേരാണ് ഖിതാൽ അഥവാ യുദ്ധം.

ഖുർആൻ ഒരിക്കലും സമൂഹങ്ങളോടും വ്യക്തികളോടും സായുധ ജിഹാദിന് ആഹ്വാനം നല്കിയിട്ടില്ല. ഖുർആൻ അനുസരിച്ച് ഭരിക്കുന്ന, അധികാരമുള്ള ഭരണകൂടങ്ങളോടാണ് അത് സായുധസമരത്തിന് ആഹ്വാനം ചെയ്തിട്ടുള്ളത്. അതാകട്ടെ, പ്രതിരോധത്തിനും സത്യവും നീതിയും സ്ഥാപിക്കപ്പെടാനും മാത്രം.

ചുരുക്കത്തിൽ ഒരാൾ ഏകദൈവത്തിനിഷ്ടപ്പെട്ട ഉത്തമ ദാസനാകാൻ സ്വന്തത്തോട് നടത്തുന്ന സംസ്കരണ പ്രവർത്തനങ്ങളാണ് ആത്യന്തികമായ ജിഹാദ്. ആ രംഗത്ത് തൻെറ സാഹചര്യങ്ങളോടും ചുറ്റുപാടുകളോടും ആദർശത്തിൽ ഉറച്ചുനിന്ന് ചെയ്യുന്ന ആശയസംവാദങ്ങളും മറ്റു പരിശ്രമങ്ങളുമൊക്കെ ജിഹാദാണ്.

ഖുർആൻ ആദ്യമായി സായുധ ജിഹാദിന് അനുവാദം നല്കിയത്, പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തതിനു ശേഷമാണ്. മക്കയിൽ ഒരുവിധത്തിലും പിടിച്ചുനില്ക്കാനാകില്ലെന്ന ഘട്ടം വന്നപ്പോഴാണല്ലോ അദ്ദേഹവും ഏകദൈവ വിശ്വാസികളും മദീനയിലേക്ക് പോയത്. പ്രവാചകൻെറയും അനുയായികളുടെയും മക്കയിലെ ആദർശ പ്രതിയോഗികൾ തങ്ങളുടെ മദീനക്കാരായ മിത്രങ്ങളുമായി സഖ്യമുണ്ടാക്കി അവിടെയും അവരെ പൊറുപ്പിക്കാതെ വന്നപ്പോഴാണ് പ്രതിരോധാർഥം അവർക്ക് ആയുധമേന്താനുള്ള അനുവാദം നല്കിയത്. അക്കാര്യം ഖുർആൻ വ്യക്തമാക്കിയതിങ്ങനെ:

*"ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദ്ദിതരാകുന്നു."* (അദ്ധ്യായം 22: 39)

പക്ഷേ, ഒരിക്കലും അതിരു കവിയരുതെന്ന് അത് വിശ്വാസികളെ പ്രത്യേകം ഉണർത്തിയത് കാണാം.

*"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് ദൈവിക മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ അതിക്രമം അനുവർത്തിക്കരുത്. കാരണം, അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല."* (അദ്ധ്യായം 2:190)

## സായുധ ജിഹാദിൻെറ ലക്ഷ്യം

സായുധ ജിഹാദിൻെറ ലക്ഷ്യം പ്രധാനമായും താഴെ പറയുന്നവയാണ്:

1. സാമൂഹിക നീതിയുടെയും നന്മയുടെയും സംസ്ഥാപനം
2. മർദ്ദിതരായ ജനങ്ങളുടെ വിമോചനം.
3. കുഴപ്പം അവസാനിപ്പിച്ച് സമാധാനം സംരക്ഷിക്കൽ.

അഴിഞ്ഞാടുന്ന അക്രമം അവസാനിപ്പിച്ച് നാട്ടിൽ സമാധാനം സ്ഥാപിക്കുകയെ

ന്നതാണ് മറ്റു സായുധ സമരത്തിൻെറ ലക്ഷ്യങ്ങളിൽ പ്രധാനം. കാരണം, അക്രമകാരികളെ നിയന്ത്രിക്കാതെ അവരെ അഴിഞ്ഞാടുവാൻ വിടുകയെന്നത് നാട്ടിൽ കുഴപ്പം പെരുകാനും സാമൂഹിക ജീവിതത്തിൻെറ എല്ലാ അർഥത്തിലുമുള്ള സംതുലിതത്വം നഷ്ടപ്പെടുവാനും കാരണമാകും. അതിനാലാണ് പ്രതിരോധം എന്ന ഉദ്ദേശ്യത്തോടെ സായുധ ജിഹാദ് അനുവദിച്ചത്.

ജനങ്ങളെ അടിമകളും പീഢിതരുമാക്കി അടക്കിവാഴുന്ന സ്വേഛാധിപതികൾക്കെതിരെയും സായുധപ്രതിരോധത്തിലേർപ്പെടേണ്ടതായി വരാം. ഖുർആൻ പറഞ്ഞു: *പീഢിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യാതിരിക്കാൻ എന്തുണ്ട് ന്യായം? ആ ജനമോ, പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: നാഥാ, മർദ്ദകരായ നിവാസികളുടെ നാട്ടിൽനിന്ന് നീ ഞങ്ങളെ മോചിപ്പിക്കേണമേ. നിൻെറ പക്കൽനിന്ന് ഒരു രക്ഷകനെ ഞങ്ങൾക്ക് നീ നിശ്ചയിച്ചുതരേണമേ."* (ഖുർആൻ: 4: 74, 75)

ഈ പരിശ്രമങ്ങളെ ഖുർആൻ "അല്ലാഹുവിൻെറ മാർഗത്തിൽ" എന്ന് പ്രത്യേകം പരാമർശിച്ചത് കാണാം. അവയുടെ ലക്ഷ്യം വിശുദ്ധമാണെന്നതാണ് അതിന് കാരണം. ആക്രമിച്ചു കീഴടക്കുവാനോ കൊള്ളയടിച്ചു സമ്പത്തുണ്ടാക്കലോ ഒരിക്കലും അതിൻെറ ലക്ഷ്യമല്ല. അതിൻെറ വിശുദ്ധിക്ക് അവ ചേർന്നതുമല്ല. അത്തരം ഉദ്ദേശ്യം മുന്നിൽ വെച്ചുള്ള സായുധ സമരത്തിന് ഒരു പുണ്യവുമില്ല. കാരണം, ഖുർആൻെറ സായുധസമരം പുണ്യമാണ്. അത് ദൈവത്തിൻെറ പൊരുത്തമാണ് അതിൻെറ ആത്മാവ്. ധനസമ്പാദനമല്ല.

അക്രമിയോടല്ല സമരം ചെയ്യേണ്ടത്, അക്രമിയുടെ വ്യവസ്ഥിതിയോടാണ് സമരം ചെയ്യേണ്ടതെന്ന് ഖുർആൻ പ്രത്യേകം ഉണർത്തുന്നു. അവർ അക്രമം അവസാനിപ്പിച്ചാൽ പിന്നെ അവിടെ അക്രമം തുടരാൻ ന്യായമൊന്നുമില്ല. ഏകദൈവത്തിൻെറ സൃഷ്ടിയായ ഒരു മനുഷ്യനെ അകാരണമായി വധിക്കുന്നത് വൻപാപമായി വിധിച്ച ഒരു ദർശനത്തിന് എങ്ങനെയാണ് അതിൻെറ അനുയായികളെ സായുധസമരത്തിലേക്ക് സ്വമേധയാ വലിച്ചിഴക്കാൻ സാധിക്കുക?

*തയാറാക്കിയത്:*
***ജലീൽ***
aj@vazhi.org